# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4358 — 24.10.2016 ൽ - മറുപടിക്ക്

## റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ഡി. പ്രസേനൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളെ കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന "എൻഡ് ടു എൻഡ്" പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകാതിരിക്കാനുളള കാരണമെന്തെന്ന് വിശദമാക്കാമോ ? | (എ) & (ബി) ഗുണഭോക്താക്കളുടെ വിവരങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽവൽക്കരണം, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, എ.ആർ.ഡി. ഓട്ടോമേഷൻ (റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിതരണം), സുതാര്യമായ പരാതിപരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യതാ പോർട്ടൽ (Transparency Portal) സ്ഥാപിക്കുകയും ചെയ്യുക തുടങ്ങിയ സങ്കീർണ്ണ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുളളതാണ് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി. 2017 മാർച്ച് മാസത്തോടു കൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ